# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .151

04.02.2013-ൽ മറുപടി നല്കേണ്ടിയിരുന്നത്

## തീരദേശ കടലാക്രമണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിന്റെ തീരദേശമേഖലയിൽ അടിക്കടിയുണ്ടാകുന്ന കടലാക്രമണത്തിന്റെ കാരണങ്ങൾ പഠിക്കുന്നതിന് എന്തെങ്കിലും സംവിധാനമോ പഠനസഹായമോ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ മുഴുവൻ കടൽതീരത്തും കടലാക്രമണം കൊണ്ടുണ്ടാകുന്ന വ്യതിയാനങ്ങളെ സംബന്ധിച്ച് വിവരശേഖരണം നടത്തുന്നത് ജലസേചന വകുപ്പിന്റെ കീഴിലെ കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡ് സ്റ്റഡീസ് വിഭാഗമാണ്. ഈ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഭാഗികമായി മാത്രമേ കടലാക്രമണത്തിന്റെ കാരണങ്ങൾ വിലയിരുത്താനാവുകയുള്ളൂ. ഇങ്ങനെ ലഭ്യമാകുന്ന വിവരങ്ങൾ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി അനുയോജ്യമായ രൂപകല്പന തയ്യാറാക്കുന്നതിനായി പൂനെ ആസ്ഥാനമായുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ Central Water and Power Research Station (CWPRS), ചെന്നൈ IIT തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ബി) | ചേർത്തലയുടെ തീരപ്രദേശങ്ങളിൽ പുലിമുട്ടുകൾ നിർമ്മിച്ചതിനുശേഷം കടലാക്രമണം ഉണ്ടാകുന്നതും ആക്രമണത്തിന്റെ സ്വഭാവം രൂക്ഷമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചേർത്തലയുടെ തീരപ്രദേശങ്ങളിൽ തുറമുഖ വകുപ്പാണ് പുലിമുട്ടുകൾ നിർമ്മിച്ചിട്ടുള്ളത്. പുലിമുട്ട് നിർമ്മാണത്തിനു ശേഷവും കടലാക്രമണം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഐ.ഐ.ടി. ചെന്നൈ പഠനം നടത്തുന്നുണ്ട്. |
| (സി) | പുലിമുട്ടുകളും കടലാക്രമണവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നു പഠിക്കുവാനും ചേർത്തലയുടെ തീരപ്രദേശത്തെ കടലാക്രമണത്തിൽ നിന്നും രക്ഷിക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | കടലാക്രമണ നിരോധനത്തിന് പുലിമുട്ടുകളും കടൽഭിത്തികളും നിർമ്മിക്കാറുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതി അവലംബിക്കുന്നതിനായി ശാസ്ത്രീയ പഠനം ആവശ്യമുണ്ട്. ഈ പഠനം നടത്തുന്നതിനായി CWPRS നെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

UK